ട്രഷറി നിയന്ത്രണംമൂലം ആശുപത്രികൾക്കുണ്ടായ ബുദ്ധിമുട്ടുകൾ

204 (206) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തികവർഷത്തിന്റെ അവസാനപാദത്തിൽ ഏർപ്പെടുത്തിയ ട്രഷറി നിയന്ത്രണം ആശുപത്രികൾക്കും ബാധകമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമൂലം പാവപ്പെട്ട രോഗികൾക്ക് മരുന്നു ലഭിക്കാൻ ബുദ്ധിമുട്ടുണ്ടായിട്ടുണ്ടോ ;

(സി) സംസ്ഥാന ആരോഗ്യ വകുപ്പിന് മരുന്ന് സപ്ലൈ ചെയ്യുന്ന സംസ്ഥാനത്തിനകത്തുള്ള മരുന്നുൽപ്പാദകർക്ക് ഇപ്പോൾ എത്ര തുകയുടെ കുടിശ്ശികയുണ്ട് ;

(ഡി) സംസ്ഥാന ആരോഗ്യ വകുപ്പിന് മരുന്ന് സപ്ലൈ ചെയ്യുന്ന സംസ്ഥാനത്തിന് പുറത്തുള്ള മരുന്നുൽപ്പാദകർക്കും ഇപ്പോൾ എത്ര തുകയുടെ കുടിശ്ശികയുണ്ട് ;

(ഇ) ഈ കുടിശ്ശിക കാരണം മരുന്ന് സപ്ലൈ ആരെങ്കിലും നിർത്തിവച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരെല്ലാം ;

(എഫ്) ഓപ്പറേഷനാവശ്യമായ ഓക്സിജനും അനസ്തേഷ്യക്ക് ആവശ്യമായ നൈട്രസ് ഓക്സൈഡും സപ്ലൈ ചെയ്യുന്നവർക്ക് എത്ര തുക കുടിശ്ശികയുണ്ട് ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ ചെലവ് വമ്പുമായി പൊരുത്തപ്പെടുത്തുന്നതിന് ചില ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയുണ്ടായി. ഇതു സംസ്ഥാനത്തെ എല്ലാ വകുപ്പുകൾക്കും ബാധകമാണ്.

(ബി) ചില ജില്ലകളിൽ ബുദ്ധിമുട്ടുണ്ടായതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ട്രഷറി നിയന്ത്രണങ്ങൾക്കതീതമായി ചെലവു ചെയ്യേണ്ട അത്യാവശ്യ സാഹചര്യങ്ങളിൽ പ്രസ്തുത ചെലവുകൾ നടത്തുന്നതിന് പ്രത്യേകാനുമതി സർക്കാർ നൽകി വരുന്നുണ്ട്.

(സി) ഏകദേശം 13 കോടിയോളം രൂപ ആരോഗ്യ വകുപ്പു ഡയറക്ടറും 5,94,07,967 രൂപ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും നൽകാനുണ്ട്.

(ഡി) 17 കോടിയോളം രൂപ ആരോഗ്യവകുപ്പു ഡയറക്ടറും 4,94,87,274 രൂപ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും നൽകാനുണ്ട്.

(ഇ) ഇക്കാരണത്താൽ മരുന്നു സപ്ലൈ നിറുത്തിവച്ചതായി അറിവില്ല.

(എഫ്) 21,27,476 രൂപ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ നൽകാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly